## പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016-2019)

## ഒന്നാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014)യുടെ പത്താമത് റിപ്പോർട്ടിലെ
(ക്ഷീരവികസന മേഖലയെ സംബന്ധിച്ച്) ശിപാർശകളിന്മേൽ/
നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികളെ സംബന്ധിച്ച് ]

(2016 ഒക്ടോബർ മാസം 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി

# (2016-2019)

## ഒന്നാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014)യുടെ പത്താമത് റിപ്പോർട്ടിലെ (ക്ഷീരവികസന മേഖലയെ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]

1000/2016.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | : | | v |
| മുഖവുര | : | | vii |
| അദ്ധ്യായം I | : | റിപ്പോർട്ട് | 1 |
| അദ്ധ്യായം II | : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | 1 |
| അദ്ധ്യായം III | : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽസമിതിഅംഗീകരിച്ചിട്ടില്ലാത്തവയും അനന്തരനടപടികൾ ആവശ്യമുള്ളവയും | 17 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-2019)

## ഘടന

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. എസ്. ശർമ്മ

<u>അംഗങ്ങൾ :</u>

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. കെ. ശശീന്ദ്രൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീമതി രമാദേവി അമ്മ എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 സെപ്റ്റംബർ മാസം 7-ാം തീയതി കൂടിയ സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

എസ്. ശർമ്മ,

*അദ്ധ്യക്ഷൻ,*

*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2016 ഒക്ടോബർ 4.

# റിപ്പോർട്ട്

## അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014)യുടെ പത്താമത് റിപ്പോർട്ട് (ക്ഷീരവികസന മേഖലയെ സംബന്ധിച്ച്) 8-7-2013-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 29 ശിപാർശകൾ/നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്.

ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 6-2-2014-ന് ബന്ധപ്പെട്ട വകുപ്പിലേക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃതക്കുറിപ്പുകൾ 26-11-2014, 30-12-2015 എന്നീ തീയതികളിൽ ചേർന്ന സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-14)യുടെ പത്താമത് റിപ്പോർട്ടിലെ ശിപാർശകളും വകുപ്പ് ലഭ്യമാക്കിയ മറുപടികളും രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂല റിപ്പോർട്ടിലെ ഖണ്ഡികകളാണ്.)

### ശിപാർശ 1 (ഖണ്ഡിക 8)

2001-ൽ നിശ്ചയിക്കപ്പെട്ട താരതമ്യേന വിലകുറഞ്ഞ നിരക്കിൽ, കെ.എൽ.ഡി. ബി.ക്ക് സെമൻ വിൽപ്പന നടത്തേണ്ടി വരുന്നതിനാൽ, സെമൻ വ്യാപാരം ലാഭമുണ്ടാക്കാത്ത രീതിയിൽ മുന്നോട്ടുപോകുകയാണ്. 2000-നുശേഷം സംസ്ഥാന സർക്കാർ ഈ പദ്ധതിക്ക് യാതൊരു സാമ്പത്തിക സഹായവും നൽകുകയുണ്ടായില്ല. ലാഭമുണ്ടാക്കുന്ന ഒരു ബിസിനസ്സ് എന്ന നിലയിലല്ലാതെ ഒരു സാമൂഹ്യ സേവനം എന്ന നിലയിൽ സെമൻ ബിസിനസ്സ് ബോർഡ് നടത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. രാജ്യത്തിന് മൊത്തത്തിൽ ആവശ്യമായിവരുന്ന ഈ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും വിപുലവുമായി നടപ്പിലാക്കുന്നതിനാവശ്യമായ സാമ്പത്തികസഹായങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രത്യേകിച്ച് സംസ്ഥാന സർക്കാർ ഈ പദ്ധതിക്കുവേണ്ടി അനുവദിക്കണമെന്നും ഇതിനായി പ്രത്യേക തുക സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

1000/2016.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

ഉൽപ്പാദനച്ചെലവിൽ വന്ന വർദ്ധനവും മറ്റ് അനുബന്ധ കാര്യങ്ങളും പരിഗണിച്ച് സെമന്റെ യഥാർത്ഥത്തിലുള്ള ഉൽപ്പാദനച്ചെലവ് ഒരു വിദഗ്ദ്ധ ഏജൻസി മുഖേന കണക്കാക്കി അതിന് ആനുപാതികമായി വില വർദ്ധിപ്പിച്ച നൽകുവാനുള്ള പ്രൊപ്പോസൽ ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.

<u>ശിപാർശ 2 (ഖണ്ഡിക 11)</u>

കാലിത്തീറ്റയുടെ ഉപയോഗം കൂടുതലായി വരുന്നത് ആദ്യത്തെ വർഷമാണ്. രണ്ടാമത്തെ വർഷം മുതൽ ധാതുമിശ്രിതങ്ങളും, ബൈപാസ് പ്രോട്ടീനും മറ്റും ശരിയായ അളവിൽ നൽകിയാൽ നല്ല ഫലം ലഭിക്കുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ അറിവ് കർഷകർക്ക് പകർന്നു നൽകുന്നതിന് കഴിയണം. ഇതിനായി കർഷകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ പഞ്ചായത്തുതോറും നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

ടി വിഷയം സംബന്ധിച്ച വിശദമായ അറിവ് വകുപ്പ് നടപ്പിലാക്കുന്ന കർഷക സമ്പർക്ക പരിപാടിയിലൂടെയും ക്ഷീരകർഷക സംഗമങ്ങളിൽ (ബ്ലോക്ക് തലത്തിൽ/ജില്ലാ തലത്തിൽ) സംഘടിപ്പിക്കുന്ന സെമിനാറുകളിലൂടെയും കർഷകർക്ക് പകർന്നു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബ്ലോക്ക് തലത്തിലുള്ള എല്ലാ ക്ഷീരസഹകരണ സംഘങ്ങളും കേന്ദ്രീകരിച്ച് കർഷക സമ്പർക്ക പരിപാടി നടപ്പിലാക്കുന്നുണ്ട്. കൂടാതെ ക്ഷീര പരിശീലനകേന്ദ്രങ്ങളുടെ ഓഫ് കാമ്പസ് ട്രെയിനിംഗുകൾ മുഖേനയും കർഷകർക്ക് വിവരങ്ങൾ നൽകുന്നുണ്ട്.

<u>ശിപാർശ 3 (ഖണ്ഡിക 12)</u>

കാലിത്തീറ്റ ഉല്പാദനത്തിലും വിപണനത്തിലും സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കണമെന്നും കാലിത്തീറ്റയുടെ വില നിശ്ചയിക്കുന്നതിൽ സർക്കാരിന്റെ ഇടപെടൽ ഉണ്ടാകണമെന്നും പൊതുമേഖലയിൽ കൂടുതൽ കാലിത്തീറ്റ ഫാക്ടറികൾ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

മിൽമയുടെ പട്ടണക്കാട്ടും മലമ്പുഴയിലുമുള്ള കാലിത്തീറ്റ ഫാക്ടറികളുടെ ഉല്പാദനശേഷി പ്രതിദിനം 300 മെട്രിക് ടൺ വീതമാണ്. ഉല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ പല

പുതിയ യന്ത്രസാമഗ്രികളും രണ്ട് ഫാക്ടറികളിലും സ്ഥാപിച്ചിട്ടുണ്ട്. കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ ഏകദേശം 95 ശതമാനവും കേരളത്തിന് പുറത്തു നിന്നുള്ള സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ നിന്നുമാണ് കൊണ്ടുവരുന്നത്. ഇപ്രകാരം കൊണ്ടുവരുന്ന മിക്ക അസംസ്കൃത വസ്തുക്കൾക്കും അതാത് സംസ്ഥാനങ്ങളിലെ ഉല്പാദനത്തിനും ലഭ്യതയ്ക്കും അനുസൃതമായി വില വർദ്ധിക്കാറുണ്ട്. കൂടാതെ റെയിൽവേ വഴിയും റോഡുമാർഗ്ഗവും വരുന്ന അസംസ്കൃത വസ്തുക്കളുടെ ട്രാൻസ്പോർട്ടേഷൻ ചെലവ് അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. മിൽമയുടെ കാലിത്തീറ്റ ഫാക്ടറികളിൽ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ വില സമയാസമയങ്ങളിൽ നിശ്ചയിക്കുന്നത് മിൽമയുടെ ഭരണസമിതിയാണ്. അതുപോലെ പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് കേരളത്തിലെ ക്ഷീരമേഖലയുടെ ഉന്നമനത്തിനും വളർച്ചയ്ക്കും പുരോഗതിക്കുംവേണ്ടി നിലകൊള്ളുന്നു. ക്ഷീരോല്പാദകരുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് കരുനാഗപ്പള്ളിയിലും കേരള ഫീഡ്സിന്റെ 300TPD കാലിത്തീറ്റ പ്ലാന്റ് പ്രവർത്തിച്ചുവരുന്നുണ്ട്. ഇതു കൂടാതെ കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരിയിലും ഇടുക്കി ജില്ലയിലെ അരീക്കുഴ എന്നിവിടങ്ങളിലും പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള കേരള ഫീഡ്സിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

### ശിപാർശ 4 (ഖണ്ഡിക 13)

പുൽകൃഷി വികസന പദ്ധതി പ്രകാരം പഞ്ചായത്തുതലങ്ങളിൽ കൃഷി വകുപ്പുമായി യോജിച്ച്, കെ.എൽ.ഡി. ബോർഡിന്റെ പരിശോധനയ്ക്ക് വിധേയമായി ഗുണമേന്മയേറിയ പുൽവിത്ത് വിതരണം നടത്തി തരിശ്ശായി കിടക്കുന്ന ഭൂമിയിൽ തീറ്റപ്പുൽ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാരിൽ നിന്നും ലഭിച്ച മറുപടി

2014-2015 വർഷത്തേക്ക് 5 കോടി രൂപയുടെ തീറ്റപ്പുൽ പദ്ധതി പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതനുസരിച്ച് 2291 ഹെക്ടർ സ്ഥലത്തുകൂടി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കുടുംബശ്രീ യൂണിറ്റുകൾ/ക്ഷീര സംഘങ്ങൾ എന്നിവ മുഖാന്തിരം പഞ്ചായത്തുതലത്തിലും തരിശ്ശു ഭൂമിയിലും തീറ്റപ്പുൽകൃഷി ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തികവർഷം കണ്ണൂർ, തൃശ്ശൂർ ജില്ലകളിൽ സംയോജിത ക്ഷീരവികസന പദ്ധതിയിലുൾപ്പെടുത്തി 881 ഹെക്ടർ സ്ഥലത്തും തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതാണ്.

ശിപാർശ 5 (ഖണ്ഡിക 14)

ബാംഗ്ലൂരിലെ ആനിമൽ ന്യൂട്രീഷൻ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണ ഫലങ്ങൾ കാലിത്തീറ്റ നിർമ്മാണത്തിൽ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പാലുല്പാദനം കൂട്ടുന്നതിന് കാര്യക്ഷമമായ നിർദ്ദേശങ്ങൾ സൊസൈറ്റികൾക്കും അതുവഴി കർഷകർക്കും ലഭ്യമാക്കുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കണമെന്നും ഒരു നിശ്ചിത അളവ് പാലുല്പാദനം യാഥാർത്ഥ്യമാകുന്ന രീതിയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

പാലുല്പാദനം കൂട്ടുന്നതിന് കാര്യക്ഷമമായ നിർദ്ദേശങ്ങൾ സൊസൈറ്റികൾക്കും അതുവഴി കർഷകർക്കും ലഭ്യമാക്കുന്നതിനായി 2013-14 വർഷം 1200 കർഷക സമ്പർക്ക പരിപാടികളും 140 പാൽ ഗുണനിയന്ത്രണ ബോധവൽക്കരണ പരിപാടികളും 14 ഉപഭോക്തൃ മുഖാമുഖം പരിപാടികളും വകുപ്പ് നടത്തുകയുണ്ടായി. കൂടാതെ വകുപ്പിന്റെ കീഴിലുള്ള 5 ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന 5877 പേർക്ക് (ക്ഷീരസംഘം ജീവനക്കാരുൾപ്പെടെ) ക്ഷീരമേഖലയിലെ വിവിധ വിഷയങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

ശിപാർശ 6 (ഖണ്ഡിക 15)

മഴക്കാലത്ത് ലഭിക്കുന്ന പുല്ല് ഭക്ഷ്യദൗർബല്യമുള്ള മറ്റ് സമയങ്ങളിൽ ഉപയോഗിക്കത്തക്ക വിധത്തിൽ സൈലേജ് ആക്കി മാറ്റുന്നതിനുള്ള സംവിധാനം വ്യാപകമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

2014-2015 സാമ്പത്തികവർഷം ഹൈടെക് ഫോഡർ യൂണിറ്റ്സിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ സൈലേജ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. കണ്ണൂർ, തൃശ്ശൂർ ജില്ലകളിൽ സംയോജിത ക്ഷീരവികസന പദ്ധതിയിലുൾപ്പെടുത്തി ടാങ്ക് സൈലോ, ബാഗ് സൈലോ എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങുകയും ചെയ്തു.

ശിപാർശ 7 (ഖണ്ഡിക 16)

റോഡരികിലുള്ള ഉപയോഗയോഗ്യമായ പച്ചപ്പുല്ല് വെട്ടി നശിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

ഈ വിഷയം സംബന്ധിച്ച് മേൽനടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് മുഖേന മണ്ണൊലിപ്പ് തടയുന്ന തരത്തിലുള്ള പുല്ല് വെച്ചുപിടിപ്പിക്കാൻ MNREG ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ 8 (ഖണ്ഡിക 17)</u>

നിലനിൽക്കുന്ന സസ്യജാലങ്ങളെ നശിപ്പിക്കാതെയും പ്രകൃതിവിഭവങ്ങളുടെ അടിസ്ഥാനമായ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും മറ്റു നീർത്തടാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കും മുൻഗണന നൽകിയും തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങളിൽ ക്ഷീരമേഖലയെക്കൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് തീറ്റപ്പുൽ ഉല്പാദനം നടത്താവുന്നതാണ്. അപ്രകാരം കന്നുകാലികൾ കൂടുതലുള്ളതും കുടുംബശ്രീ പ്രവർത്തനങ്ങൾ സജീവവുമായ പ്രദേശങ്ങൾ തെരഞ്ഞെടുത്ത് പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

കുടുംബശ്രീ യൂണിറ്റുകൾക്കും വനിതാ സ്വാശ്രയ സംഘങ്ങൾക്കും മുൻഗണന നൽകി തീറ്റപ്പുൽ ഉല്പാദനവും സംഭരണവും വിതരണവും നടത്തുന്നതിനുള്ള 14 യൂണിറ്റുകൾ 2013-2014 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കി. 2014-2015 വർഷത്തിൽ ഇത്തരത്തിലുള്ള 14 യൂണിറ്റുകൾ കൂടി നടപ്പിലാക്കുന്നതാണ്.

<u>ശിപാർശ 9 (ഖണ്ഡിക 18)</u>

അസോള, ചോളം, വൻപയർ എന്നിവ വ്യാപകമായി കൃഷിചെയ്യുന്നതിന് കർഷകർക്ക് ധനസഹായം നൽകേണ്ടതും അതിനാവശ്യമായി വരുന്ന ഫണ്ടും മറ്റ് അടിസ്ഥാനസൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

2014-2015 സാമ്പത്തികവർഷത്തിൽ 6965 അസോള യൂണിറ്റ് സ്ഥാപിക്കുന്നതിനും 200 ഹെക്ടർ സ്ഥലത്ത് ചോളം/വൻപയർ കൃഷിചെയ്യുന്നതിനുമുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

<u>ശിപാർശ 10 (ഖണ്ഡിക 19)</u>

തിരുവനന്തപുരം ജില്ലയിൽ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ വലിയതുറയിൽ പ്രവർത്തിക്കുന്ന ഏകദേശം 110 ഏക്കറിൽ അധികമുണ്ടായിരുന്ന തീറ്റപ്പുൽക്കൃഷിസ്ഥലം മറ്റാവശ്യങ്ങൾക്കുള്ള സ്ഥലമെടുപ്പ് കാരണം കുറയുന്ന അവസ്ഥയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സ്ഥലം നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും വകുപ്പ് തലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

പ്രസ്തുത സ്ഥലം നിലനിർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

<u>ശിപാർശ 11 (ഖണ്ഡിക 21)</u>

കെ.എൽ.ഡി.ബി.-യിൽ ഇൻഡോ-സ്വിസ് പ്രോജക്റ്റിന്റെ തുടർച്ചയായി സങ്കരയിനം പശുക്കളുടെ ഉല്പാദനത്തിനാവശ്യമായ പ്രവർത്തനങ്ങൾ മാത്രമാണ് നടന്നുകൊണ്ടിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിലുള്ള റിസർച്ച് ആൻറ് ഡെവലപ്മെന്റ് സംവിധാനം നിലവിൽ ഇല്ലാത്തതിനാൽ അത്തരമൊരു ഗവേഷണ പരിശീലന സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കെ.എൽ.ഡി.ബി-യെ ഒരു നാഷണൽ സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതിന് ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകാരം നേടുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഈ മേഖലയിൽ പ്രാവീണ്യം നേടിയ പ്രഗത്ഭരായ ശാസ്ത്രജ്ഞർ മറ്റു സ്ഥാപനങ്ങളിലേക്ക് പോകുന്നത് തടയുന്നതിനായി ഇവർക്ക് ആകർഷകമായ സേവന വേതന വ്യവസ്ഥകളും പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

യഥാർത്ഥത്തിലുള്ള റിസർച്ച് ആൻറ് ഡെവലപ്മെന്റ് സംവിധാനം നടപ്പിൽ വരുത്തുവാൻ വേണ്ട നടപടികൾ ബോർഡ് സ്വീകരിച്ചു കഴിഞ്ഞു. കെ.എൽ.ഡി.ബി.-യുടെ മൂന്ന് ബീജ ലബോറട്ടറികളും "എ" ഗ്രേഡ് ആയി ഭാരത സർക്കാർ സർട്ടിഫൈ ചെയ്തുകഴിഞ്ഞു. രാജ്യത്ത് ഒരു സംസ്ഥാനത്തിനകത്തെ എല്ലാ ബീജബാങ്കുകളും ഈ പദവിയിലേക്കെത്തുന്നത് ഇദംപ്രഥമമാണ്. കൂടാതെ ഭ്രൂണമാറ്റം, ജീനോമിക് സെലക്ഷൻ എന്നീ മേഖലകളിൽ കൂടുതൽ പ്രായോഗികതല ഗവേഷണ പരിപാടികൾ ബോർഡ് നടപ്പിലാക്കുവാൻ നടപടികളെടുത്തിട്ടുണ്ട്. വിത്തുകാളകളുടെ ജീനോമിക് സെലക്ഷന് വേണ്ടിയുള്ള ജീനോമിക് ലബോറട്ടറിയുടെ പ്രവർത്തനം 2014-ൽ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. സർക്കാർ ജീവനക്കാർക്ക്

2009-ൽ നടത്തിയ ശമ്പള പരിഷ്കരണത്തെ അടിസ്ഥാനമാക്കി, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ജീവനക്കാർക്കും 1-7-2009 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധം ശമ്പള പരിഷ്കരണം 2013-ൽ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ ബോർഡിലെ ജീവനക്കാരുടെ പെൻഷൻപ്രായം 58 വയസ്സാക്കി ഉയർത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തുവാനുള്ള കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

<u>ശിപാർശ 12 (ഖണ്ഡിക 24)</u>

ബീജോൽപ്പാദന കേന്ദ്രങ്ങൾ, പ്രാദേശിക ബീജബാങ്കുകൾ, ദ്രവ നൈട്രജൻ വിതരണ ശൃംഖല എന്നിവ ശക്തിപ്പെടുത്തിയെങ്കിൽ മാത്രമെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. അതോടൊപ്പം ഗാഢശീതീകരിച്ച ബീജമാത്രകളുടെ ഉൽപ്പാദനസമയത്തുള്ള ഗുണനിലവാരം, അവ പശുക്കളിൽ നിക്ഷേപിക്കപ്പെടുന്നതുവരെ നിലനിർത്തിയാൽ മാത്രമെ പ്രത്യുൽപ്പാദനക്ഷമതയും അതിലൂടെ പാലുൽപ്പാദനനിരക്കും വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. അപ്രകാരം ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

കെ.എൽ.ഡി. ബോർഡിന്റെ കീഴിൽ മാട്ടുപ്പെട്ടി, കുളത്തുപ്പുഴ, ധോണി എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ബീജോൽപ്പാദന കേന്ദ്രങ്ങളിൽ വിത്തുകാളകളെയും വിത്തുപോത്തുകളെയും വളർത്തുന്നു. ഓരോ കേന്ദ്രത്തിലും ബീജം ഗാഢശീതീകരിക്കുന്നതിനുള്ള ലബോറട്ടറിയും ബീജം സൂക്ഷിച്ചുവെയ്ക്കുന്നതിനുള്ള കേന്ദ്ര സെമൻ ബാങ്കും പ്രവർത്തിക്കുന്നുണ്ട്. മാട്ടുപ്പെട്ടിയും, ധോണിയും, കുളത്തുപ്പുഴയും കേന്ദ്രസർക്കാരിന്റെ 'എ' ഗ്രേഡിംഗ് ഉള്ള സ്റ്റേഷനുകളാണ്. കൂടാതെ ISO, HACCP എന്നീ ഗുണനിലവാര Certification-നുകളും ഈ സ്റ്റേഷനുകൾക്കുണ്ട്.

ഓരോ രണ്ട് ജില്ലകൾക്കും ഒരു മേഖലാ സെമൻ ബാങ്ക് എന്ന നിലയിൽ സംസ്ഥാനത്ത് ഏഴ് മേഖലാ സെമൻ ബാങ്കുകൾ ഉണ്ട്. രാജ്യത്തെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ ഏറ്റവും ശക്തമായ ബീജവിതരണ ശൃംഖലയുള്ളത് കേരളത്തിലാണ്. സംസ്ഥാനത്തെ ബീജദാനകേന്ദ്രങ്ങളിലെല്ലാംതന്നെ ഓരോ 21 ദിവസം കൂടുമ്പോഴും ബീജ മാത്രകൾക്കൊപ്പം കണ്ടെയിനറിൽ ദ്രവ നൈട്രജൻ കെ.എൽ.ഡി. ബോർഡ് നിറച്ചുകൊടുക്കുന്നുണ്ട്. കൂടാതെ ഗാഢശീതീകരിച്ച ബീജം ശേഖരിച്ച് വെയ്ക്കുന്ന കണ്ടെയിനറുകൾ കേടായാൽ അവ മാറ്റി നൽകാറുമുണ്ട്.

ഗാഢശീതീകരിച്ച ബീജമാത്രകളുടെ ഉൽപ്പാദനസമയത്തുള്ള ഗുണനിലവാരം പരിശോധിക്കുവാൻ മാട്ടുപ്പെട്ടി, ധോണി, കുളത്തുപ്പുഴ എന്നീ സെമൻ സ്റ്റേഷനുകളിൽ

പൂർണ്ണ സജ്ജീകരണങ്ങൾ ഉള്ള ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ ഉണ്ട്. താഴെ പറയുന്ന പരിശോധനകൾ ഇന്ത്യാ ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കൃത്യസമയങ്ങളിൽ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷമേ ബീജമാത്രകൾ വിതരണം ചെയ്യുകയുള്ളൂ.

ബാക്ടീരിയോളജിക്കൽ ടെസ്റ്റുകൾ, മോർഫോളജിക്കൽ അബ്നോർമാലിറ്റി (ബീജാണുവിന്റെ ഘടനയിൽ വരാവുന്ന തകരാറുകൾ) കണ്ടുപിടിക്കാനുള്ള ടെസ്റ്റുകൾ, അക്രോസോം ഇന്റഗ്രിറ്റി ടെസ്റ്റ്, ഹോസ്റ്റ് ടെസ്റ്റ് (ഹൈപ്പോ ഓസ്മോട്ടിക് സ്വെല്ലിംഗ് ടെസ്റ്റ്), ഇൻക്യുബേഷൻ ടെസ്റ്റ്, Sperm Concentration of frozen semen sample, Validation of Photometer.

ബാംഗ്ലൂരിലെ സതേൺ റീജിയണൽ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറിയിലെ (SRDDL) ശാസ്ത്രജ്ഞർ വർഷംതോറും കാളകളുടെ രോഗപരിശോധന നടത്തുന്നുണ്ട്. അവരുടെ റിപ്പോർട്ട് ഇന്ത്യാ ഗവൺമെന്റിന്റെ സെൻട്രൽ മോണിറ്ററിംഗ് യൂണിറ്റ് പരിശോധിച്ചിട്ടാണ് ബീജോൽപ്പാദന കേന്ദ്രങ്ങൾക്ക് ഗ്രേഡുകൾ നൽകുന്നത്. ജനിതക വൈകല്യങ്ങൾ ഒഴിവാക്കാൻ ഹരിയാനയിലെ നാഷണൽ ഡെയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (NDRI) കാളകളുടെ ക്രോമോസോമുകൾ പരിശോധിച്ച് (Karyo Typing Test) റിപ്പോർട്ട് നൽകാറുണ്ട്. കൂടാതെ ജനിതകരോഗങ്ങളൊന്നുംതന്നെ വിത്തുകാളകൾക്കില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് ഗുജറാത്തിലെ നാഷണൽ ഡെയറി ഡെവലപ്മെന്റ് ബോർഡ് (NDDB) ലബോറട്ടറിയിൽ, അവയുടെ രക്തസാമ്പിളുകൾ പരിശോധിപ്പിക്കുന്നു. ഈ റിപ്പോർട്ടും ഇന്ത്യാ ഗവൺമെന്റിന്റെ സെൻട്രൽ മോണിറ്ററിംഗ് യൂണിറ്റ് സെമൻ സ്റ്റേഷനുകൾക്ക് ഗ്രേഡ് നൽകുമ്പോൾ പരിശോധിക്കാറുണ്ട്.

അങ്ങനെ ബീജമാത്രകളുടെ ഉൽപ്പാദനസമയത്തുള്ള ഗുണനിലവാരം അവ പശുക്കളിൽ നിക്ഷേപിക്കപ്പെടുന്നതുവരെ നിലനിർത്തുവാനും അതിലൂടെ പ്രത്യുൽപ്പാദന ക്ഷമതയും പാലുൽപ്പാദനനിരക്കും വർദ്ധിപ്പിക്കുവാനുമുള്ള എല്ലാ നടപടികളും കെ.എൽ.ഡി. ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ 13 (ഖണ്ഡിക 26)

ഇറക്കുമതി ചെയ്യുന്ന അത്യുല്പാദനശേഷിയുള്ള ബീജം എല്ലാ ജില്ലകളിലുമുള്ള മൃഗാശുപത്രികളിലൂടെ കർഷകർക്ക് ലഭ്യമാക്കുന്നു എന്നുറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

ആദ്യഘട്ടത്തിൽ 13000 ബീജമാത്രകൾ ബോർഡ് ഇറക്കുമതി ചെയ്യുകയും അവ ഇടുക്കി, വയനാട് ജില്ലകളിലെ കർഷകരുടെ തെരഞ്ഞെടുക്കപ്പെട്ട പശുക്കൾക്ക് ഉപയോഗിക്കുന്നതിന് നൽകുകയും ചെയ്തു. 2-ം 3-ം ഘട്ടത്തിലെ ബീജമാത്രകൾ ഇറക്കുമതി ചെയ്യുന്നതിനുള്ള പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ഈ ബീജമാത്രകൾ ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ കേന്ദ്രങ്ങളിൽ വിതരണം ചെയ്യുന്നതാണ്.

ശിപാർശ 14 (ഖണ്ഡിക 28)

ഹൈടെക് ഡയറി ഫാമുകളും പ്രോജക്ടുകളുമായി ബന്ധപ്പെട്ട നടപടികളുടെ പ്രവർത്തന പുരോഗതി മന്ദഗതിയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. കുളത്തൂപ്പുഴയിലെ ഹൈടെക് ഫാം പദ്ധതിയിലെ മൂന്നാമത്തെ പ്രോജക്ടായ ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിൽ സ്ഥാപിക്കുന്ന ഹൈടെക് ഫാം, മാട്ടുപ്പെട്ടി ഫാമിന്റെ വിപുലീകരണം, നവീകരണം എന്നിവ കൂടുതൽ വേഗത്തിലാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കലിനെ അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിനും വയനാടിനെ മിൽക്ക് ഡിസ്ട്രിക്ട് ആക്കി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതിനായി സാങ്കേതികവിദ്യയുടെ സഹായം തേടേണ്ടി വരുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ തൊഴിൽസാധ്യതയുള്ള പുതിയ കോഴ്സുകൾ ഉൾപ്പെടുത്തി കൂടുതൽ ഗവേഷണ സ്ഥാപനങ്ങൾ വകുപ്പിന്റെ കീഴിൽ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി (1-8-2014)

കെ.എൽ.ഡി. ബോർഡിന്റെ കീഴിൽ കുളത്തൂപ്പുഴ ഹൈടെക് ഫാം 2011 ജനുവരി മാസത്തിൽ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. മാട്ടുപ്പെട്ടി ഹൈടെക് ഫാമിന്റെ പ്രവർത്തനം 2012 സെപ്റ്റംബർ മാസത്തിൽ ആരംഭിച്ചുകഴിഞ്ഞു. മൂന്നാമത്തെ പ്രോജക്ടായ ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിൽ സ്ഥാപിക്കുന്ന ഹൈടെക് ഫാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ആധുനിക കറവ സാമഗ്രികളുടെ പരീക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2014 മേയ് മാസത്തിൽ കോലാഹലമേട് ഹൈടെക് ഫാമിന്റെ പ്രവർത്തനമാരംഭിക്കുവാൻ പാകത്തിൽ കാര്യങ്ങൾ പുരോഗമിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി (18-12-2015)

വയനാട് ജില്ലയെ ഹൈടെക് ഡെയറി ജില്ലയായി പ്രഖ്യാപിച്ച് 19-11-2015-ലെ സ.ഉ.(സാധാ.)നമ്പർ 1930/2015/കൃഷി നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ മുഖേന തൊഴിൽ സാധ്യതയുള്ള വിഷയങ്ങളിൽ കൂടുതൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശിപാർശ 15 (ഖണ്ഡിക 30)

ഹൈടെക് ഡെയറി ഫാമുകൾ സ്ഥാപിക്കുന്നതിനായി ഭൂമി കൈമാറ്റം സാധ്യമാകുന്നതിന് കേരളാ ഭൂപരിഷ്കരണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തി ഭൂമി അനുവദിക്കാവുന്നതാണ്. ഇതിനുവേണ്ട നടപടികൾ വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

വൻകിട ഇടത്തര ഡെയറി ഫാമുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിന് വകുപ്പ് പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാരിൽ നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ 16 (ഖണ്ഡിക 31)

പാലിൽ മായം ചേർക്കുന്നത് കണ്ടെത്തുന്നതിന് നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തണമെന്നും മായം ചേർക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്നതോടുകൂടി പാൽ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിച്ച് നിയമനടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫുഡ് സേഫ്റ്റി കമ്മീഷണറിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത്. ഇക്കാര്യത്തിന്മേൽ നടപടി സ്വീകരിക്കുവാൻ ടി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ 17 (ഖണ്ഡിക 32)

സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന്റെ കാര്യത്തിലും ഇത്തരം ശ്രദ്ധ പുലർത്തണമെന്നും നിശ്ചിത ഗുണനിലവാരത്തിൽ കുറഞ്ഞ പാൽ നിരോധിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. എം.എം.പി.ഒ. അനുസരിച്ച് ശേഖരിക്കുന്ന കണക്കുകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് വേണം ക്ഷീരവികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കേണ്ടതെന്ന് സമിതി ശിപാർശ ചെയ്യുന്നു. പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രസർക്കാർ അനുവദിച്ച ഫണ്ട് വേണ്ടവിധത്തിൽ സമയബന്ധിതമായി ഉപയോഗിക്കാതിരുന്നതിനെ തുടർന്ന് 275.06 ലക്ഷം രൂപ ചെലവഴിക്കാൻ കഴിയാതെ നഷ്ടപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ കൈക്കൊള്ളണമെന്നും, പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ പ്രവർത്തന പുരോഗതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യഥാസമയങ്ങളിൽ വിലയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

സംസ്ഥാനത്തെ ആറ് ചെക്ക് പോസ്റ്റുകളിലും പാൽ പരിശോധന സ്ഥിരം സംവിധാനം ഒരുക്കുന്നതിനും, ജില്ലാ ഗുണനിയന്ത്രണ ലാബുകളുടെ കമ്പ്യൂട്ടർവൽക്കരണം, മൊബൈൽ പാൽ പരിശോധന സംവിധാനം എന്നിവയുള്ള പ്രൊപ്പോസൽ 14-ാം ധനകാര്യകമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ വകുപ്പ് സ്വീകരിക്കുകയും പദ്ധതി പുരോഗതി തുടർച്ചയായി വിലയിരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ശിപാർശ 18 (ഖണ്ഡിക 33)

പാലിൽ മായം ചേർക്കാനായി ഉപയോഗിക്കുന്ന രാസവസ്തുക്കളായ ബോറിക് ആസിഡ്, ഫോർമാലിൻ, ഹൈഡ്രജൻ പെറോക്സൈഡ് തുടങ്ങിയ പ്രിസർവേറ്റീവുകളുടെ സാന്നിദ്ധ്യം പരിശോധിക്കുവാൻ കഴിയുന്ന തരത്തിലുള്ള ലാബ് സംവിധാനം എല്ലാ ജില്ലകളിലും സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

സംസ്ഥാനത്തൊട്ടാകെ പാൽഗുണപരിശോധന ത്വരിതപ്പെടുത്തുന്നതിനായി 3 മൈക്രോ ബയോളജി ലാബുകൾ സ്ഥാപിക്കുന്നതിനും (എറണാകുളം, തൃശ്ശൂർ, വയനാട്) കാസർഗോഡ്, കോട്ടയം ജില്ലകളിൽ കൂടി റീജ്യണൽ മിൽക് ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ 2013-2014 വർഷത്തിൽ തുടങ്ങിക്കഴിഞ്ഞു.

ശിപാർശ 19 (ഖണ്ഡിക 34)

അന്യം നിന്നുകൊണ്ടിരിക്കുന്ന തനതു ജനുസ്സുകളെ വേർതിരിച്ച് അവയുടെ ഗുണമേന്മ വർദ്ധിപ്പിക്കാനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടുതൽ ഭൂമിയുള്ള ആളുകൾക്ക് ഫാമുകൾ തുടങ്ങുന്നതിന് ആവശ്യമായ വെച്ചൂർ പശുക്കൾ പോലുള്ള ഇനങ്ങൾ ലഭ്യമാക്കുന്നതിനും കൂടുതൽ ഉല്പാദനശേഷിയുള്ള ഇനങ്ങൾ വ്യാപിപ്പിക്കുന്നതിനും വകുപ്പ് മുൻകൈ എടുത്ത് പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. നിലവിൽ മിൽക്ക് ഷെഡ് പ്രോഗ്രാം (പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി) സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ സമിതി ശിപാർശ ചെയ്യുന്നു. സ്ഥലപരിമിതിയും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതു കാരണവും കൂടുതൽ പശുക്കളെ വളർത്തുന്നത് പാരിസ്ഥിതികവും സാമൂഹികവുമായ പ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാൽ പൊല്യൂഷൻ കൺട്രോൾ

ബോർഡിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും സഹകരണത്തോടെ പ്ലാൻ തയ്യാറാക്കി കർഷകരെ ബോധവൽക്കരിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു. പുതുതായി സ്ഥാപിക്കപ്പെട്ട വെറ്ററിനറി സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ ഈ മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് MSDP സംസ്ഥാനമൊട്ടാകെ നടപ്പാക്കി വരുന്നുണ്ട്. ഡെയറി ഫാമുകൾ മുഖേനയുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം ഒഴിവാക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ, വകുപ്പ് നടപ്പിലാക്കുന്ന കർഷക സമ്പർക്ക പരിപാടികൾ, ക്ഷീരകർഷക സംഗമങ്ങൾ എന്നിവയിലൂടെ കർഷകർക്ക് നൽകുന്നുണ്ട്. ടി പരിപാടികളിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും വെറ്ററിനറി സർവ്വകലാശാല ഉദ്യോഗസ്ഥരെയും കൂടി ഉൾപ്പെടുത്തിയിട്ടുള്ള മുഖാമുഖം പരിപാടികളും, ചർച്ചാക്ലാസ്സുകളും വകുപ്പ് നടത്തി വരുന്നുണ്ട്.

<u>ശിപാർശ 20 (ഖണ്ഡിക 36)</u>

ക്ഷീരോത്സവങ്ങൾ കൂടുതൽ ജനകീയമായ രീതിയിൽ നടത്തേണ്ടതാണ്. സ്ഥിരം ശൈലിയിൽ നിന്ന് വ്യത്യസ്തമായി താഴെ തട്ടുവരെയുള്ള ക്ഷീരകർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ ഇതിന്റെ സിലബസ്സ് പുതുക്കി നിശ്ചയിക്കണമെന്നും ചർച്ചാക്ലാസ്സുകളും, ഫിലിം ഷോകളും ഉൾപ്പെടെ നൂതനപദ്ധതികൾ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. എല്ലാ ക്ഷീരകർഷകരെയും ഇതിന്റെ ഭാഗമാക്കണമെന്നും സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും, ക്ഷീരവികസന പ്രവർത്തനത്തിന് കുറഞ്ഞ പലിശനിരക്കിൽ ലോൺ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ തദ്ദേശീയരും നൂതനമായ കൃഷിരീതിയിലൂടെ ക്ഷീരോൽപാദന രംഗത്ത് വിജയം കൈവരിച്ചവരുമായ ക്ഷീരോല്പാദകരുടെ അനുഭവസമ്പത്ത് മറ്റ് ക്ഷീരോല്പാദകരുമായി പങ്ക് വയ്ക്കാനും അതുവഴി പ്രസ്തുത പ്രദേശത്തെ മൊത്തം ക്ഷീരോല്പാദകർക്കും ഇതിന്റെ പ്രയോജനം ലഭിക്കത്തക്ക വിധത്തിലുള്ള പഠനക്ലാസ്സുകൾ ക്ഷീരോത്സവത്തോടനുബന്ധിച്ച് സംഘടിപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

ക്ഷീരോത്സവങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് ആവശ്യമായ ചർച്ചാക്ലാസ്സുകൾ, ഫിലിം ഷോ, എക്സിബിഷൻ എന്നിവ ഉൾപ്പെടുത്തുന്നതിനും എല്ലാ കർഷകരെയും പങ്കെടുപ്പിച്ച് ഇതിന്റെ പ്രയോജനം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷീരവികസന പ്രവർത്തനങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ ലോൺ നൽകുന്നത്

സംബന്ധിച്ച് ക്ഷീരകർഷകർക്കും കാർഷിക ലോണിന് ഈടാക്കുന്ന നിരക്കിൽ പലിശ ഈടാക്കി ലോൺ നൽകണമെന്നും ശിപാർശ എസ്.എൽ.ബി.സി.ക്കും എം.പി.മാരുടെ കോൺഫറൻസിനുള്ള കുറിപ്പായും സമർപ്പിച്ചിട്ടുണ്ട്.

ശിപാർശ 21 (ഖണ്ഡിക 37)

നിലവിലുള്ള ക്ഷീരകർഷകരെ ഈ മേഖലയിൽ പിടിച്ചുനിർത്തുന്നതിനും കൂടുതൽ പേരെ ഇവിടേയ്ക്ക് ആകർഷിക്കുന്നതിനുമായി കൂടുതൽ ആനുകൂല്യങ്ങൾ നടപ്പിലാക്കണമെന്നും ക്ഷീരകർഷകർക്കുള്ള മിനിമം പെൻഷൻ 1,000 രൂപയായി ഉയർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അസംഘടിത മേഖലയിലുള്ള കൂടുതൽ ആളുകളെ ക്ഷീരവികസന മേഖലയിൽ ഉൾപ്പെടുത്തുന്നതിനും കർഷകർക്ക് കുറഞ്ഞചെലവിൽ പശുക്കളെ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

ക്ഷീരകർഷകർ, പ്രാഥമിക ക്ഷീരസംഘങ്ങൾ, മേഖലാ യൂണിയനുകൾ, മിൽമ എന്നിവയിൽ നിന്നും അംശാദായ ഇനത്തിൽ ലഭ്യമാകുന്ന വരുമാനത്തിൽ നിന്നുമാണ് ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നത്. നിലവിൽ പെൻഷൻ തുക പ്രതിമാസം 500 രൂപയാണ്. ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പെൻഷൻ തുക 1,000 രൂപയായി വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ല.

ശിപാർശ 22 (ഖണ്ഡിക 38)

സർക്കാരിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കണമെന്നും കർഷകർക്ക് കുറഞ്ഞ പലിശനിരക്കിൽ ലോൺ ലഭ്യമാക്കുന്നതിനും ക്ഷീരകർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ അധികതുകയുടെ പ്രൊപ്പോസൽ എസ്.ഡി.ജി.യിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അധികതുക ലഭ്യമായില്ല. ഇൻഷ്വറൻസ് പരിരക്ഷ ഇപ്പോൾ നടപ്പിലാക്കിവരുന്നുണ്ട്.

ശിപാർശ 23 (ഖണ്ഡിക 39)

ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകകൾ യഥാസമയം അതാത് കാര്യങ്ങൾക്കുതന്നെ പൂർണ്ണമായി ഉപയോഗിക്കുന്നു എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

ബഡ്ജറ്റ് പ്രകാരം ലഭിച്ച തുകകൾ യഥാസമയം ചെലവഴിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ഉദ്യോഗസ്ഥർക്കും നൽകുകയും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നുണ്ടോ എന്നറിയുന്നതിന് അവലോകന മീറ്റിംഗുകൾ നടത്തുകയും ചെയ്യുന്നുണ്ട്.

<u>ശിപാർശ 24 (ഖണ്ഡിക 41)</u>

എൻ.ഡി.പി. പദ്ധതിപ്രകാരം ഓരോ പഞ്ചായത്തിലും ലാബ് സംവിധാനത്തോടു കൂടിയ മൊബൈൽ ആട്ടോമാറ്റിക് ലിങ്ക് കണക്ഷൻ നടപ്പിലാക്കുവാനും അതുവഴി ക്ഷീരോല്പാദകർ സംഘത്തിൽ പാൽ നൽകുമ്പോൾ തന്നെ പാലിന്റെ അളവിന്റെയും ഗുണനിലവാരത്തിന്റെയും അടിസ്ഥാനത്തിൽ ക്ഷീരകർഷകർക്ക് അർഹമായ പ്രതിഫലം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് ക്ഷീരസംഘങ്ങളിൽ സ്ഥാപിച്ചുവരുന്നു. സംസ്ഥാന പദ്ധതിപ്രകാരം 2013-2014-ൽ 100 സംഘങ്ങളിലും, പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 468 സംഘങ്ങളിലും ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. 2014-2015-ൽ 30 സംഘങ്ങളിൽ കൂടി ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. കൂടാതെ എൻ.ഡി.പി. പദ്ധതി പ്രകാരം മേഖലാ യൂണിയനുകൾ മുഖാന്തിരവും ഓട്ടോമേഷൻ നടത്തുന്നതാണ്.

<u>ശിപാർശ 25 (ഖണ്ഡിക 42)</u>

കന്നുകാലി സെൻസസ് എടുക്കുമ്പോൾ പശുക്കളുടെ എണ്ണം മാത്രം രേഖപ്പെടുത്തി ഡേറ്റാ ബാങ്ക് തയ്യാറാക്കുന്ന നിലവിലുള്ള രീതി ശാസ്ത്രീയമല്ല. ആയതിനാൽ ഏതിനം പശുവാണ്, എത്ര പാൽ ഉത്പാദിപ്പിക്കുന്നു എന്നീ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി വേണം കന്നുകാലി സെൻസസ് നടത്തേണ്ടതെന്ന് സമിതി നിർദ്ദേശിക്കുന്നു. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലിന്റെ അളവ് ലഭ്യമായിട്ടും അതിന്റെ സ്ഥിതിവിവരക്കണക്ക് ക്ഷീരവികസന വകുപ്പിന്റെ കൈവശമില്ലാത്തത് തീർത്തും അശാസ്ത്രീയവും ശോചനീയവുമായ അവസ്ഥയാണ്. അതുകൊണ്ട് വകുപ്പിന്റെ കൈവശമില്ലാത്ത വിശദാംശങ്ങൾ ഏത് ഏജൻസിയുടെ പക്കലാണ് ഉള്ളതെന്ന് മനസ്സിലാക്കി അത് ശേഖരിക്കുവാനും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പാലിന്റെ അളവ് ചെക്ക് പോസ്റ്റുകളിൽ വെച്ച് കണ്ടെത്തുന്നതിനും വകുപ്പിന്റെ ഭാവി പ്രവർത്തനത്തിന് ഉതകുന്ന രീതിയിൽ സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

കന്നുകാലി സെൻസസ് എടുക്കുമ്പോൾ പശുക്കളുടെ എണ്ണം മാത്രം രേഖപ്പെടുത്തി ഡേറ്റാ ബാങ്ക് തയ്യാറാക്കുന്ന നിലവിലുള്ള രീതി ശാസ്ത്രീയമല്ലാത്തതിനാൽ ഏതിനം പശുവാണ്, എത്ര പാൽ ഉത്പാദിപ്പിക്കുന്നു എന്നീ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി വേണം കന്നുകാലി സെൻസസ് നടത്തേണ്ടതെന്ന സമിതിയുടെ നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പാലിന്റെ അളവ് ചെക്ക് പോസ്റ്റുകളിൽ വച്ച് കണ്ടെത്തുന്നത് സംബന്ധിച്ച് ചെക്ക് പോസ്റ്റുകളിൽ സ്ഥിരം സംവിധാനം ഒരുക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ 14-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

<u>ശിപാർശ 26 (ഖണ്ഡിക 43)</u>

ആനിമൽ ഡിസീസ് കൺട്രോൾ പ്രോഗ്രാം കൂടുതൽ വ്യാപകമാക്കി കാലാകാലങ്ങളിൽ പശുക്കൾക്ക് പരിശോധന നിർബന്ധിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഓരോ പശുവിനെയും ഇയർടാഗ് വച്ച് പരിശോധന നടത്തണമെന്നും പല മേഖലകളായി തിരിച്ച് കർഷകർക്ക് ഇത് സംബന്ധിച്ച് വിദഗ്ധ പരിശീലനം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

കുളമ്പുരോഗ കുത്തിവയ്പിനോടനുബന്ധിച്ച് കുത്തിവെച്ച എല്ലാ പശുക്കൾക്കും ഇയർ ടാഗിംഗ് ചെയ്തുവരുന്നുണ്ട്. കൂടാതെ 2014 മാർച്ച് 5-ന് ആരംഭിച്ച FMDCP-യിൽ " Real time monitoring" സംവിധാനം ഉപയോഗിക്കുന്നു. ഇതനുസരിച്ച് മാർച്ച് 16 മുതൽ ഈ സംവിധാനം ഉപയോഗിച്ചു തുടങ്ങുകയും ഇയർ ടാഗ് ചെയ്തുകഴിഞ്ഞാലുടൻ ഉരുവിന്റെ വിവരങ്ങൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നു.

<u>ശിപാർശ 27 (ഖണ്ഡിക 44)</u>

കൂടുതലുള്ള പാൽ മിൽക്ക് പൗഡർ പോലുള്ള ഉത്പന്നങ്ങൾ ആക്കണമെന്നും സംസ്ഥാനത്ത് പരമാവധി പാൽ സംഭരണം നടത്തണമെന്നും ആയത് സംബന്ധിച്ച് നടപടികൾ ത്വരിതപ്പെടുത്തണമെന്നും ഇത്തരം ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഫാക്ടറികൾ കൂടുതലായി സ്ഥാപിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

ഉല്പാദകന് പാൽ വില ഏറ്റവും കൂടുതൽ നൽകിവരുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം എന്നിരിക്കിലും ഈ മേഖലയിൽ സ്വയംപര്യാപ്തതയിലെത്തിച്ചേരാൻ നമുക്ക് ഇതുവരെ സാധിച്ചിട്ടില്ല. കേരളത്തിൽ ലഭിക്കുന്ന പാലിനുപരി വിപണി നിലനിർത്തുന്നതിനുവേണ്ടി നമുക്ക് ഇപ്പോഴും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. ഉല്പാദിപ്പിച്ചു ലഭിക്കുന്ന പാലിനെ പാലായും മറ്റ്

മൂല്യവർദ്ധിത ഉല്പന്നങ്ങളായും വിപണനത്തിനുവേണ്ട നടപടിക്രമങ്ങൾ മിൽമ സ്വീകരിച്ചുവരുന്നുണ്ട്. പാലിനെ വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനോടൊപ്പം പാൽപ്പൊടി ഉല്പാദനത്തിനായി പ്രതിദിനം 10 MT കപ്പാസിറ്റിയുള്ള മിൽക്ക് പൗഡർ ഫാക്ടറി ആലപ്പുഴയിൽ സ്ഥാപിച്ചിട്ടുണ്ട്. മിൽമയുടെ മേഖലാ യൂണിയനുകളിൽ സംഭരിക്കുന്ന പാലിൽ നിന്നും പാലായും മറ്റ് മൂല്യവർദ്ധിത ഉല്പന്നങ്ങളായും വിപണനം നടത്തിയതിനുശേഷം മിച്ചം വരുന്ന പാൽ പാൽപ്പൊടിയാക്കി മാറ്റുകയും ചെയ്യുന്നു.

ശിപാർശ 28 (ഖണ്ഡിക 45)

മേഖല ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോജക്ട് എല്ലാ ജില്ലകളിലും വ്യാപിപ്പിക്കണമെന്നും വെർമി കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ കൂടുതൽ വ്യാപകമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

2013-2014 വർഷം എസ്.ആർ.ഇ.പി. പദ്ധതിയിലുൾപ്പെടുത്തി ഗോബർഗ്യാസ് പ്ലാന്റുകൾ (3 എണ്ണം) സ്ഥാപിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. 2014-2015 വർഷത്തിൽ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോജക്ടിനായി തെരഞ്ഞെടുക്കുന്ന ജില്ലകളിൽ വെർമി കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ കൂടുതൽ വ്യാപകമായി നടപ്പിലാക്കുന്നതാണ്. ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പ്രോജക്ട് 2 ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 2014-2015 വർഷം ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്.

ശിപാർശ 29 (ഖണ്ഡിക 46)

പശുഗ്രാമം, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, സമഗ്ര പുൽക്കൃഷി വ്യാപനം, ഹീഫർ പാർക്ക്, മോഡൽ ഡെയറി ഫാം എന്നിവ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, സമഗ്ര പുൽക്കൃഷി വ്യാപനം, മോഡൽ ഡെയറി ഫാം എന്നിവ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് നടപ്പിലാക്കി വരുന്നു. 5/10 ഹീഫർ അടങ്ങിയ യൂണിറ്റുകളാണ് നിലവിൽ വകുപ്പ് നടപ്പിലാക്കുന്നത്. 2014-2015 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ സംയോജിത ക്ഷീരവികസന പദ്ധതികൾ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മിൽക്ക് ഷെഡ് വികസന പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സി.എം.ഡി.യെ പോലുള്ള ഏജൻസിയെക്കൊണ്ട് പദ്ധതി അവലോകനം ഈ വർഷം നടത്താനും വകുപ്പ് ഉദ്ദേശിക്കുന്നു.

## അദ്ധ്യായം III

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും

### ശിപാർശ 14 (ഖണ്ഡിക 28)

പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിനെ അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുക.

### സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിനെ (ഐ.എ.എച്ച് ആന്റ് വി.ബി.) അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള വിഷയത്തിൽ ഐ.എ.എച്ച്. ആന്റ് വി.ബി.-യിലെ ലബോറട്ടറിയെ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസസ് (ജി.എം.പി.) നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി 100 കോടി രൂപ മുതൽമുടക്കും പ്രതിവർഷം 10 കോടി രൂപയുടെ ആവർത്തന ചെലവും ഉണ്ടാകുമെന്നാണ് നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് (എൻ.ഡി.ഡി.ബി) കണക്കാക്കിയിരിക്കുന്നത്. കേരളത്തിന് ആവശ്യമുള്ള വെറ്ററിനറി മരുന്നുകൾ നിർമ്മിക്കുന്നതിനായി ഇത്രയധികം തുക ചെലവഴിച്ച് ജി.എം.പി. ലാബ് സ്ഥാപിക്കുന്നത് അഭികാമ്യമല്ല എന്നതിനാൽ ഐ.എ.എച്ച് ആന്റ് വി.ബി.യിലെ ലബോറട്ടറിയെ ജി.എം.പി. നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്ന ശിപാർശ തത്ക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിക്കുന്നു.

### സമിതി ആവശ്യപ്പെട്ട അധിക വിവരം

സർക്കാരിൽ നിന്നും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന് സമിതി അഭിപ്രായപ്പെട്ടു. ഈ വിഷയം പ്രത്യേക പഠന വിഷയമായി എടുക്കുന്നതിനും വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, വിഷയ വിദഗ്ദ്ധർ, ശാസ്ത്രജ്ഞർ എന്നിവരുമായി കൂടുതൽ ചർച്ച നടത്തുന്നതിനും സമിതി തീരുമാനിച്ചു.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഓക്ടോബർ 4.

1000/2016.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.